**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1528** **06.03.2020 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിൽ പ്ലസ് ടുവിന്റെ മാർക്കിൽ ഇളവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയായ പ്ലസ് ടുവിന്റെ മാർക്കിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ യോഗ്യതാ മാർക്കിൽ എന്ത് ഇളവാണ് അനുവദിക്കുന്നത്; | (എ) | സംസ്ഥാന എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത, 2020-21 വർഷത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനായുള്ള റീ-വാംപ് കമ്മിറ്റി തീരുമാനപ്രകാരം അതാത് കേന്ദ്ര കൗൺസിലുകളുടേതിന് സമാനമാക്കി ഏകീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് AICTE മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന യോഗ്യതയും മെഡിക്കൽ കോഴ്സുകൾക്ക് NEET ബാധകമാക്കിയ അടിസ്ഥാന യോഗ്യതയുമാണ് തീരുമാനിച്ചിട്ടുള്ളത്. പ്ലസ്ടു മാർക്ക് 50 ശതമാനമെന്നത് 45 ശതമാനമാക്കിയാണ് ഇളവ് അനുവദിക്കുന്നത്. |
| (ബി) | ഇപ്രകാരം ഇളവ് അനുവദിക്കുവാനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു; | (ബി) | പ്രവേശന മാനദണ്ഡം ദേശീയതലത്തിലുള്ളതുപോലെ ഏകീകരിക്കുന്നതിനുവേണ്ടി 2020-21 വർഷത്തെ പ്രൊഫഷണൽ കോഴ്സുകൾക്കായുള്ള റീ-വാംപ് കമ്മിറ്റിയാണ് അടിസ്ഥാനയോഗ്യത അതാത് സെൻട്രൽ കൗൺസിലുകളുടേതിന് സമാനമാക്കി മാറ്റാൻ തീരുമാനിച്ചത്. |
| (സി) | കഴിഞ്ഞ വർഷം എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിന് മാനേജ്മെന്റ് സീറ്റുകളിൽ അമ്പത് ശതമാനം മാർക്ക് നിബന്ധനയിൽ ഇളവ് നൽകിയിരുന്നോ; | (സി) | 2019-20 വർഷം എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് മൂന്നിനും കൂടി 45% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് യോഗ്യത ഉണ്ടായിരുന്നു. |
| (ഡി) | പ്ലസ് ടു മാർക്കിൽ ഇളവ് നൽകുന്നത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരത്തെ കാര്യമായി ബാധിക്കുവാൻ സാധ്യതയില്ലേ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**